"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തിരുവനന്തപുരം വഞ്ചിയൂർ കുടുബ കോടതി പരിസരത്ത് കുട്ടികളുടെ കളിസ്ഥല നിർമ്മാണത്തിനായുള്ള പദ്ധതി - ഭരണാനുമതി നല്കുന്നതും കേരള നിയമസഹായ നിധിയിൽ നിന്ന് 10 ലക്ഷം രൂപ തുക അനുവദിച്ച് ഉത്തരവാകുന്നതും - സംബന്ധിച്ച്

---

**നിയമ (കെ.എൽ.ബി.എഫ്.) വകുപ്പ്**

സ.ഉ.(സാധാ) നം.492/2025/LAW തീയതി,തിരുവനന്തപുരം, 29-04-2025

പരാമർശം:-

1. കേരള ഹൈക്കോടതി ഡിസ്ട്രിക്ട് ജുഡീഷ്യറി രജിസ്ട്രാറുടെ 27.11.2023 -ലെ D9A(1)-41654/2017/DII-5 നമ്പർ കത്ത്.
2. കേരള നിയമസഹായനിധിയുടെ ട്രസ്റ്റി കമ്മിറ്റിയുടെ 60-മത് യോഗത്തിന്റെ നടപടിക്കുറിപ്പ് (അജണ്ട നമ്പർ 5).
3. SIDCO യുടെ 29.10.2024-ലെ No.SMC ALPY/P1/24-25/209നമ്പർ കത്ത്.
4. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷന്റെ 04.11.2024 -ലെ KAIC/TVM/Civil/2024-25/458 നമ്പർ കത്ത്.
5. കേരള നിയമസഹായനിധിയുടെ ട്രസ്റ്റി കമ്മിറ്റിയുടെ 23.11.2025-ൽ ചേർന്ന 61-മത് യോഗത്തിന്റെ നടപടിക്കുറിപ്പ് (അജണ്ട നമ്പർ 4).
6. സ്പോർട്ട്സ് കേരള ഫൗണ്ടേഷന്റെ 11.03.2025-ലെ No. 20/25/TVM/SKF നമ്പർ കത്തും എസ്റ്റിമേറ്റ്.
7. 28-04-2021 തീയതിയിലെ ധനകാര്യ വകുപ്പിന്റെ സ.ഉ. (അച്ചടി) നം. 67/2021-ധന നമ്പർ ഉത്തരവ്
8. കേരള നിയമസഹായനിധിയുടെ ട്രസ്റ്റി കമ്മിറ്റിയുടെ 29.03.2025-ൽ ചേർന്ന 62-മത് യോഗത്തിന്റെ നടപടിക്കുറിപ്പ് (അജണ്ട നമ്പർ 4).

**ഉത്തരവ്**

തിരുവനന്തപുരം വഞ്ചിയൂർ കുടുബ കോടതി പരിസരത്ത് കുട്ടികളുടെ കളിസ്ഥലം നിർമ്മാണത്തിനായുള്ള പദ്ധതിക്കായി ഭരണാനുമതി നൽകണമെന്നും പ്രസ്തുത നിർമ്മാണച്ചെലവിനുള്ള കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ സമർപ്പിച്ച 31,84,400/- (മുപ്പത്തൊന്ന് ലക്ഷത്തി എൺപത്തിനാലായിരത്തി നാന്നൂറ് രൂപ)-യുടെ എസ്റ്റിമേറ്റ് തുക കേരള നിയമസഹായനിധിയിൽ നിന്ന് അനുവദിക്കണമെന്നും പരാമർശം (1) പ്രകാരം ബഹു. കേരള ഹൈക്കോടതി രജിസ്ട്രാർ അഭ്യർത്ഥിക്കുകയുണ്ടായി. പരാമർശം (2) പ്രകാരം പ്രസ്തുത തുക അധികമാണെന്ന് കേരള നിയമസഹായനിധിയുടെ ട്രസ്റ്റി കമ്മിറ്റി വിലയിരുത്തുകയും പുതിയ

നിർവഹണ ഏജൻസിയെ കണ്ടെത്തുവാനും പുതിയ പ്രൊപ്പോസലുകൾ ക്ഷണിക്കുവാൻ തീരുമാനിക്കുകയുണ്ടായി.

കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട് ട്രസ്റ്റ് കമ്മിറ്റി 23.11.2024-ൽ ചേർന്ന 61-ാമത് യോഗത്തിൽ [പരാമർശം (5)] പ്രകാരം SIDCO-യും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർ പറേഷനും പരാമർശം (3), (4) പ്രകാരം സമർപ്പിച്ച പ്രൊപ്പോസലുകൾ ചർച്ച ചെയ്ത് നിരാകരിക്കുകയും തിരുവനന്തപുരം വഞ്ചിയൂർ കുടുബ കോടതി പരിസരത്ത് കുട്ടികളുടെ കളിസ്ഥല നിർമ്മാണത്തിനായുള്ള പദ്ധതിക്കായി സ്പോർട്ട്സ് കേരള ഫൗണ്ടേഷനെ ഏജൻസിയാക്കി ചെലവ് കുറച്ച്, 10 ലക്ഷം രൂപയിൽ കവിയാത്ത പുതിയ എസ്റ്റിമേറ്റ് ക്ഷണിക്കാൻ തീരുമാനിക്കുകയുണ്ടായി.

സ്പോർട്ട്സ് കേരള ഫൗണ്ടേഷൻ പരാമർശം (6) പ്രകാരം സമർപ്പിച്ച എസ്റ്റിമേറ്റ് 29.03.2025-ൽ ചേർന്ന കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട് ട്രസ്റ്റി കമ്മിറ്റിയുടെ 62-മത് യോഗം ചർച്ച ചെയ്യുകയും, ജി.എസ്.ടി. ഉൾപ്പെടെ 10 ലക്ഷം രൂപയുള്ള സ്പോർട്ട്സ് കേരള ഫൗണ്ടേഷന്റെ വർക്ക് എസ്റ്റിമേറ്റ് അംഗീകരിക്കുകയും തിരുവനന്തപുരം വഞ്ചിയൂർ കുടുബ കോടതി പരിസരത്തുള്ള 300 സ്ക്വയർ മീറ്റർ സ്ഥലത്ത് കുട്ടികളുടെ കളിസ്ഥല നിർമ്മാണത്തിനായുള്ള പദ്ധതിക്ക് സ്പോർട്ട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ച എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയ ശേഷം Project Management Consultancy (PMC) എന്ന നിലയിൽ സ്പോർട്ട്സ് കേരള ഫൗണ്ടേഷൻ പരാമർശം (7) പ്രകാരമുള്ള സർക്കാർ ഉത്തരവ് കർശനമായി പാലിച്ച് Work Completion Assessment അനുസരിച്ച് പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തിയതിനു ശേഷം സ്പോർട്ട്സ് കേരള ഫൗണ്ടേഷൻ സമർപ്പിക്കുന്ന പാർട്ട് ബില്ലുകൾക്ക് കേരള നിയമസഹായനിധിയിൽ നിന്നും തുക അനുവദിക്കേണ്ടതാണെന്നും ടെണ്ടർ നടപടികൾക്കായി ഒരു മാസവും നിർമ്മാണ പൂർത്തീകരണത്തിനായി രണ്ട് മാസവും നിശ്ചയിക്കുകയും പദ്ധതി പുരോഗതി വിലയിരുത്താനുള്ള Inspection Rights കേരള നിയമസഹായനിധിയുടെ ട്രസ്റ്റി കമ്മിറ്റിയിൽ മാത്രം നിക്ഷിപ്തമാക്കിയിരിക്കുമെന്നും പരാമർശം (8) പ്രകാരം ചർച്ച ചെയ്ത് തീരുമാനമാനിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും തിരുവനന്തപുരം വഞ്ചിയൂർ കുടുബ കോടതി പരിസരത്ത് 300 സ്ക്വയർ മീറ്റർ സ്ഥലത്ത് കുട്ടികളുടെ കളിസ്ഥല നിർമ്മാണത്തിനായുള്ള പദ്ധതിക്കായി സ്പോർട്ട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ച എസ്റ്റിമേറ്റ് ജി.എസ്.ടി. അടക്കം 10 ലക്ഷം ( പത്തു ലക്ഷം) രൂപയിൽ കവിയാത്ത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയും കേരള നിയമസഹായനിധിയിൽ നിന്നും തുക അനുവദിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K G SANAL KUMAR
നിയമ സെക്രട്ടറി

പകർപ്പ്:-

1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. ബഹു. നിയമവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
3. നിയമസെക്രട്ടറിയുടെ പി.എ.
4. കേരള നിയമസഹായനിധി കമ്മിറ്റിയുടെ ചെയർമാനും മറ്റ് അംഗങ്ങൾക്കും.
5. നിയമ (അക്കൗണ്ട്സ്) വകുപ്പ്.
6. രജിസ്ട്രാർ, ഹൈകോടതി (സബോർഡിനേറ്റ് ജുഡീഷ്യറി), കൊച്ചി.
7. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
8. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള , തിരുവനന്തപുരം.
9. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, വികാസ് ഭവൻ പി.ഒ.
10. സെക്രട്ടറി, കേരള അഡ്വക്കേറ്റ് വെൽഫയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റി, ബാർ കൗൺസിൽ ഭവൻ, ഹൈകോർട്ട് കോംപ്ലക്സ്, എറണാകുളം.
11. സെക്രട്ടറി, കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി, മണി മന്ദിരം, റ്റി.സി.26/580(1o), എസ്.ഇ.ആർ.എ-24, പ്രസ് ക്ലബിനു സമീപം, തിരുവനന്തപുരം.
12. ചീഫ് എൻജിനീയർ, സ്പോർട്ട്സ് കേരള ഫൗണ്ടേഷൻ, ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം, വെള്ളയമ്പലം, തിരുവനന്തപുരം.
13. വിവര വിനിമയ പൊതുജന സമ്പർക്ക വകുപ്പ്.
14. സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Signed by
Asha Sadasivan
സെക്ഷൻ ഓഫീസർ
Date: 30-04-2025 15:17:33